പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1585 — 12-06-2019-ലെ മറുപടിയ്ക്ക്

## തരിശുരഹിത സംസ്ഥാനമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു.ആർ. പ്രദീപ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ എത്ര ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നും ഇതിൽ കൃഷിയിറക്കിയിട്ടുള്ള ഭൂമി എത്ര ലക്ഷം ഹെക്ടറുണ്ടെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ 13.138569 ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 12.4245198 ലക്ഷം ഹെക്ടർ ഭൂമിയിൽ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിങ്ങനെ വിവിധ വിളകൾ കൃഷിയിറക്കിയിട്ടുണ്ട്. |
| (ബി) | കൃഷിക്കനുയോജ്യമായ തരിശുഭൂമി എത്രയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ജില്ലകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെ 58647.072 ഹെക്ടർ കൃഷിക്കനുയോജ്യമായ തരിശുഭൂമിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22954.494 ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്തിട്ടുണ്ട്. |
| (സി) | മുഴുവൻ തരിശുഭൂമിയിലും കൃഷിയിറക്കി കേരളത്തെ സമ്പൂർണ്ണ തരിശുരഹിത സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംസ്ഥാനത്തെ തരിശു ഭൂമിയിലെ കൃഷിയുടെ വിസ്തീർണ്ണത്തിലും ഉല്പാദനത്തിലും വർദ്ധനയുണ്ടാക്കിയിട്ടുണ്ട്.<br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാംവർഷം 3750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി |

| | | | |
|---|---|---|---|
| | | | മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. മൂന്നു വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യിക്കുവാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്.<br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിറുത്തുവാൻ ബാദ്ധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ